**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** **03-03-2025 - ൽ മറുപടിയ്ക്ക്**

**സൈബർ സുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,**<br>**ശ്രീ. വി. ആർ. സുനിൽകുമാർ,**<br>**ശ്രീ . മുഹമ്മദ് മുഹസിൻ,**<br>**ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സൈബർ കുറ്റകൃത്യങ്ങൾ നേരിടാനുള്ള സർക്കാർ സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യാനും കേസുകളിൽ ആവശ്യമായ സഹായം നൽകാനുമായി ഐ.ജി.പി സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്. എസ്.പി സൈബർ ഓപ്പറേഷൻ, ഡി.വൈ.എസ്.പി സൈബർ ഓപ്പറേഷൻസ്, ഡി.വൈ.എസ്.പി റിസർച്ച് & അനാലിസിസ് എന്നിവരുടെ നേതൃത്വത്തിലാണ് സൈബർ ഡിവിഷന്റെ പ്രവർത്തനം.<br><br>സൈബർ ഓപ്പറേഷൻസിന് കീഴിൽ പബ്ലിക് ഔട്ട്റീച്ച് ഗ്രൂപ്പ്, സൈബർ ഫ്രോഡ് ആന്റ് സോഷ്യൽ മീഡിയ ഗ്രൂപ്പ്, സൈബർ സെക്യൂരിറ്റി ആന്റ് അഡ്വാൻസ് ക്രൈം ഗ്രൂപ്പ് എന്നിങ്ങനെ വിവിധ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു.<br>റിസർച്ച് ആന്റ് അനാലിസിസ് വിഭാഗത്തിന്റെ കീഴിൽ സൈബർ ഡോം, അനാലിസിസ് വിങ്, ട്രെയിനിങ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു.<br><br>പ്രസ്തുത വിഭാഗങ്ങൾക്ക് കീഴിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടന്ന് വരുന്നു.<br>• ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്ക് ഇരയായവർക്ക് പരാതി നൽകാനായി 1930 എന്ന ടോൾഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.<br>• തട്ടിപ്പുകാരുടെ ബാങ്ക് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്യാനും പണം തിരികെ ലഭിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നു.<br>• തട്ടിപ്പിന് ഇരയായവരുമായി ബന്ധപ്പെട്ടുവാൻ തട്ടിപ്പുകാർ ഉപയോഗിച്ചുവന്നിരുന്ന |

| | | | |
|---|---|---|---|
| | | | മൊബൈൽ സിം കാർഡ്, ഡിവൈസ് IMEI നമ്പറുകൾ ബ്ലോക്ക് ചെയ്ത് പ്രവർത്തനരഹിതമാക്കുന്നു.<br>• തട്ടിപ്പുകാർ സ്ഥിരമായി ഉപയോഗിച്ചുവന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ (Mule Accounts) ബ്ലോക്ക്/ഫ്രീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.<br>• സൈബർ പട്രോളിംഗിലൂടെ സൈബർ കുറ്റകൃത്യങ്ങൾക്ക് കാരണമാകുന്ന വെബ്സൈറ്റുകൾ, ഓൺലൈൻ ആപ്പുകൾ, സോഷ്യൽ മീഡിയ അക്കൗണ്ടുകൾ എന്നിവ നീക്കം ചെയ്യുന്നു.<br>• സൈബർ ആക്രമണങ്ങൾ തടയുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ സുരക്ഷാ വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകി വരുന്നു.<br>• സൈബർ കുറ്റകൃത്യങ്ങൾ മുൻകൂട്ടി കണ്ടെത്തി തടയുന്നതിനായി സൈബർ വിദഗ്ധരായ പൊതുജനങ്ങളുടെ കൂടി സഹായത്തോടെ സൈബർ ഡോം പ്രവർത്തിക്കുന്നു.<br>• നാല് റേഞ്ച് ഡി ഐ ജി മാരുടെ കീഴിൽ സൈബർ കുറ്റാന്വേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവരശേഖരണത്തിനുമായി സൈബർ പട്രോൾ വിഭാഗവും പ്രവർത്തിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സമീപകാലത്ത് ഒട്ടേറെപ്പേർ വെർച്വൽ അറസ്റ്റ് എന്ന പേരിലെ സൈബർ തട്ടിപ്പിന് വിധേയരായിട്ടുണ്ടോ; വിദ്യാസമ്പന്നരും പ്രമുഖ വ്യക്തികളും ഇത്തരം തട്ടിപ്പിന് ഇരയാകുന്നുണ്ടോ; അറിയിക്കുമോ; | (ബി) | ഉണ്ട്. വിദ്യാസമ്പന്നർ, ഡോക്ടർമാർ, എൻജിനീയർമാർ, രാഷ്ട്രീയ പ്രവർത്തകർ, സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ, ഐടി ജീവനക്കാർ, സർക്കാർ ജീവനക്കാർ, ബാങ്ക് ജീവനക്കാർ തുടങ്ങി സമൂഹത്തിലെ എല്ലാ തലങ്ങളിലുമുള്ള ആളുകൾ വെർച്വൽ അറസ്റ്റ് എന്ന പേരിലെ സൈബർ തട്ടിപ്പുകൾക്ക് ഇരയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇത്തരം തട്ടിപ്പുകളുമായി ബന്ധപ്പെട്ട നാഷണൽ ക്രൈം റെക്കോർഡ്സ് പോർട്ടലിൽ (NCRP) 212 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. കേരള പോലീസിന്റെ സമയോചിതമായ നടപടികളുടെ ഫലമായി തട്ടിപ്പുകാരുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുവാനും മൊബൈൽ ഫോണുകളും ഉപകരണങ്ങളും പ്രവർത്തന രഹിതമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | സാമ്പത്തിക കുറ്റകൃത്യങ്ങൾക്ക് സൈബർ ഇടങ്ങൾ കൂടുതലായി ഉപയോഗിക്കപ്പെടുന്ന നിലവിലെ സാഹചര്യം കണക്കിലെടുത്ത് സൈബർ | (സി) | ഉണ്ട്. സൈബർ ഇടങ്ങൾ മുഖേന സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | സാമ്പത്തിക കുറ്റകൃത്യങ്ങൾ പ്രത്യേകമായി പരിശോധിച്ച് കൂടുതൽ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | • സൈബർ സാമ്പത്തിക തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന 1930 എന്ന ഹെൽപ്പ് ലൈൻ നമ്പർ പ്രവർത്തിച്ചു വരുന്നു.<br>• സോഷ്യൽ മീഡിയയിലൂടെ ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ ബോധവൽക്കരണ വീഡിയോകളും സന്ദേശങ്ങളും നൽകുന്നു.<br>• സൈബർ സാങ്കേതിക മേഖലയിലെ പുതിയ അറിവുകൾ നൽകാനായി പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നു.<br>• സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്താനായി സൈബർ വോളണ്ടിയർമാർക്ക് പരിശീലനം നൽകുന്നു.<br>• സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതികളെ പിടികൂടാൻ ഇന്ത്യൻ സൈബർ കോഡിനേഷൻ സെന്റർ (I4C) മായി സഹകരിച്ച് പ്രവർത്തിക്കുന്നു.<br>• സൈബർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള മൊബൈൽ ഫോണുകൾ കണ്ടെത്താനും പ്രവർത്തനരഹിതമാക്കാനും കേന്ദ്ര സർക്കാരിന്റെ സെൻട്രൽ എക്വിപ്മെന്റ് ഐഡന്റിറ്റി രജിസ്റ്റർ (CEIR) പോർട്ടൽ ഉപയോഗിച്ച് വരുന്നു. |
| (ഡി) | സൈബർ ഇടങ്ങളിൽ സ്ത്രീകളും കുട്ടികളും കൂടുതലായി ഇരയാക്കപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് മുൻഗണന നൽകി സൈബർ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കൂടുതൽ കരുതൽ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. സൈബർ മേഖലയിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി കുട്ടികളുടെ ലൈംഗിക ചിത്രങ്ങളും വീഡിയോകളും പ്രചരിപ്പിക്കുന്നവരെ കണ്ടെത്തുന്നതിനായി കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെന്റർ എന്ന യൂണിറ്റ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു.<br><br>ഈ യൂണിറ്റിന്റെ പ്രവർത്തന ഫലമായി സൈബർ മേഖലയിൽ കുട്ടികൾക്ക് എതിരെ ലൈംഗിക കുറ്റകൃത്യം നടത്തുന്നവരെ കണ്ടെത്തുന്നതിനായി സംസ്ഥാനത്തുടനീളം ഓപ്പറേഷൻ പി-ഹണ്ട് എന്ന പേരിൽ റെയ്ഡുകൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി 6426 ഇടങ്ങളിൽ പരിശോധന നടത്തുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട 351 വ്യക്തികളെ അറസ്റ്റ് ചെയ്യുകയും 3444 ഇലക്ട്രോണിക്സ് ഉപകരണങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>സൈബർ ഇടങ്ങളിൽ സ്ത്രീകളും കുട്ടികളും കൂടുതലായി ഇരയാക്കപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ് പി സി) പ്രോജക്റ്റുമായി ചേർന്ന് കേരളത്തിലെ വിവിധ സ്കൂളുകളിലെ 1996 അധ്യാപകർക്ക് സൈബർ സുരക്ഷ സംബന്ധിച്ച് പരിശീലനം (ട്രെയിനിംഗ് ഓഫ് ടീച്ചേഴ്സ്) നൽകിയിട്ടുണ്ട്. ഈ അധ്യാപകർ, വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും സൈബർ ബോധവൽക്കരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ